# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2664 — 19.12.2012ൽ മറുപടിയ്ക്ക്

## തടാകങ്ങളുടേയും കായലുകളുടേയും കയ്യേറ്റം

ചോദ്യം : ശ്രീ. പി. ഉബൈദുള്ള
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. സി. മമ്മൂട്ടി

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്തെ തടാകങ്ങളുടെയും കായലുകളുടെയും വിസ്തൃതി ദിനംപ്രതി കയ്യേറ്റംമൂലം കുറഞ്ഞുവരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ കയ്യേറ്റങ്ങൾ തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) കയ്യേറ്റങ്ങൾ തടയുവാൻ കേരളാ ഭൂസംരക്ഷണ നിയമം 1957 പ്രകാരവും ജില്ലാ കളക്ടർമാർ നടപടികൾ സ്വീകരിച്ചു വരുന്നു. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 218 (1) പ്രകാരം ചാലുകൾ, തോടുകൾ, തടാകങ്ങൾ, കായലുകൾ, ജലമാർഗ്ഗങ്ങൾ എന്നിവ പരിപൂർണ്ണമായും പഞ്ചായത്തിൽ നിക്ഷിപ്തമാണ്. കേരളാ പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 218 (1) പ്രകാരവും അനധികൃത കയ്യേറ്റം നീക്കം ചെയ്യലും, പിഴ ചുമത്തലും, ഈടാക്കലും ചട്ടം 1996 വകുപ്പ് പ്രകാരവും നടപടി സ്വീകരിച്ചു വരുന്നു. |
| (സി) തടാകങ്ങളുടെയും കായലുകളുടെയും മുൻകാലത്ത് തയ്യാറാക്കിയ സർവ്വെ സ്കെച്ചുകൾ ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടോ ; എങ്കിൽ റവന്യൂ വകുപ്പുമായി ചേർന്ന് സർവ്വെ നടത്തി കയ്യേറ്റങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ ? | (സി) ഇൻലാന്റ് നാവിഗേഷൻ ഡയറക്ടറേറ്റിന്റെ കീഴിലുള്ള ആക്കുളം കായലിന്റെ സർവ്വേരേഖകൾ ജലവിഭവ വകുപ്പിന്റെ കൈവശമുണ്ട്. കയ്യേറ്റങ്ങൾ തടയാൻ നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ